"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - കെൽട്രോണിലെ സ്ഥിരം ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.66/2022/ID തീയതി,തിരുവനന്തപുരം, 30-06-2022

---

പരാമർശം:-

1. 27/07/2021 ലെ കെൽട്രോൺ സി.എം.ഡി. യുടെ കെ.എസ്.ഇ.ഡി.സി./ സി.എച്ച്.ആർ./ഗവ./ഡബ്ല്യൂ.ആർ.(2017-22)/2021/112 നമ്പർ കത്ത്.
2. 23/09/2021 ലെ കെൽട്രോൺ സി.എം.ഡി. യുടെ കെ.എസ്.ഇ.ഡി.സി./ സി.എച്ച്.ആർ./ഗവ./ഡബ്ല്യൂ.ആർ.(2017-22) /2021/135 നമ്പർ കത്ത്.
3. 28/01/2022 ലെ കെൽട്രോൺ സി.എം.ഡി. യുടെ കെ.എസ്.ഇ.ഡി.സി./ സി.എച്ച്.ആർ./ഗവ./ഡബ്ല്യൂ.ആർ.(2017-22)/ഐ.ആർ./2022/10 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ (കെൽട്രോൺ) ശമ്പളപരിഷ്കരണം നടപ്പിലാക്കുവാൻ കാലതാമസം നേരിടുന്നതിനാൽ 01/04/2017 ൽ കമ്പനിയിൽ ജോലി ചെയ്തിരുന്നവരും ഇപ്പോഴും തുടരുന്നതുമായ എല്ലാ വിഭാഗത്തിലുമുള്ള ജിവനക്കാർക്കും ഇടക്കാലാശ്വാസമായി 3000/- രൂപയും 01/04/2017 ന് ശേഷം ജോലിയിൽ പ്രവേശിക്കുകയോ/ സ്ഥിരപ്പെടുത്തിയതോ ആയ ജിവനക്കാർക്ക് ഇടക്കാലാശ്വാസമായി 2500/- രൂപയും, ഉത്തരവ് തീയതി പ്രാബല്യത്തിൽ നൽകുവാൻ സർക്കാർ അനുവാദം നൽകണമെന്ന് പരാമർശം 1 ലെ കത്ത് പ്രകാരം കെൽട്രോൺ സി.എം.ഡി. സർക്കാരിനോട് അഭ്യർ ത്ഥിച്ചിരുന്നു. കൂടാതെ, ശമ്പളപരിഷ്കരണം നടപ്പിലാക്കുമ്പോൾ ഇടക്കാലാശ്വാസമായി നൽകിയ തുക അതിൽ തട്ടിക്കിഴിക്കുന്നതാണെന്നും കെൽട്രോൺ സി.എം.ഡി. സർക്കാരിനെ അറിയിച്ചിരുന്നു.

2. കമ്പനിയുടെ മൊത്തത്തിലുള്ള പ്രവർത്തനമികവും വിപണനത്തിലൂടെ ലഭിയ്ക്കുന്ന വരുമാനവും കണക്കിലെടുക്കുമ്പോൾ ഇടക്കാലാശ്വാസം നൽകുന്നതിന് ചിലവാകുന്ന തുക കമ്പനിയുടെ തനത് ഫണ്ടിൽ നിന്നും കണ്ടെത്താനാകുമെന്ന് പരാമർശം 2 ലെ കത്ത് പ്രകാരം കെൽട്രോൺ സി.എം.ഡി. സർക്കാരിന് ഉറപ്പ് നൽകിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെൽട്രോണിൽശമ്പളപരിഷ്കരണം നടപ്പിലാക്കുവാൻ കാലതാമസം നേരിടുന്ന സാഹചര്യവും കെൽട്രോൺ പ്രവർത്തനലാഭം കൈവരിച്ചതും കണക്കിലെടുത്ത്, കെൽട്രോണിലെ എല്ലാ സ്ഥിരം ജീവനക്കാർക്കും ശമ്പളപരിഷ്കരണം അനുവദിക്കുമ്പോൾ ഇടക്കാലാശ്വാസമായി അനുവദിക്കുന്ന തുക അതിൽ

തട്ടിക്കിഴിക്കുമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, ഉത്തരവ് തീയതി പ്രാബല്യത്തിൽ, 3000/- രൂപ ഇടക്കാലാശ്വാസം നൽകുന്നതിന് കെൽട്രോൺ സി.എം.ഡി. യ്ക്ക് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ, വെള്ളയമ്പലം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ ഇ & ആർ.എസ്സ്.എ.), കേരളം, തിരുവനന്തപുരം.
സെക്രട്ടറി റിയാബ്, ഉദാരശിരോമണി റോഡ്, ശാസ്തമംഗലം, തിരുവനന്തപുരം.
ധനകാര്യവകുപ്പ് (പി.യു.ഡി.2/ 88/2021/ധന. തീയതി 30/05/2022 നമ്പർ അനൗദ്യോഗികക്കുറിപ്പ് മുഖേന)
പൊതുഭരണ (എസ്സ്. സി.) വകുപ്പ് . (ഇനം നമ്പർ 889 പ്രകാരം )
വെബ് & ന്യൂ മീഡിയ.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Divya Y V**
**Date: 30-06-2022 17:14:57**
സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 29-06-2022

ഫയൽ നം. വ്യവ-ഡി3/149/2021/വ്യവ. ഇനം നം: 889

വിഷയം : വ്യവസായ വകുപ്പ് - കെൽട്രോണിലെ ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

കേരള സർക്കാർ

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | വ്യവ/ഡി3/ 149/ 2021-വ്യവ |
| 2 | വകുപ്പ് | : | വ്യവസായ വകുപ്പ് |
| 3 | വിഷയം | : | വ്യവസായ വകുപ്പ് - കെൽട്രോണിലെ ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 20/ 06/ 2022 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ. |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : | ഉണ്ട്. |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | -- |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയുടെ കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 28.06.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി. പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 28.06.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 28.06.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 29.06.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കെൽട്രോണിലെ ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിക്കുന്നതിനുള്ള ശിപാർശയുമായി ബന്ധപ്പെട്ടുള്ളതാണ് ഈ കുറിപ്പ്.

2. കെൽട്രോണിലെ ശമ്പളപരിഷ്കരണം 01/04/2017 പ്രാബല്യത്തിൽ നടപ്പിലാക്കേണ്ടതുള്ളതിനാൽ ഇടക്കാലാശ്വാസം അനുവദിക്കണമെന്ന് തൊഴിലാളി സംഘടനകൾ ആവശ്യപ്പെട്ടതായി കെൽട്രോൺ സി.എം.ഡി. അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 01/04/2017 ൽ കമ്പനിയിൽ ജോലി ചെയ്തിരുന്നവരും ഇപ്പോഴും തുടരുന്നതുമായ എല്ലാ വിഭാഗത്തിലുമുള്ള ജീവനക്കാർക്കും ഇടക്കാലാശ്വാസമായി 3000 രൂപയും 01/04/2017 ന് ശേഷം ജോലിയിൽ പ്രവേശിക്കുകയോ/ സ്ഥിരപ്പെടുത്തിയതോ ആയ ജീവനക്കാർക്ക് ഇടക്കാലാശ്വാസമായി 2500/- രൂപയും, ഉത്തരവ് തീയതി പ്രാബല്യത്തിൽ നൽകുവാൻ അനുവദിക്കണമെന്നാണ് കെൽട്രോൺ സി.എം.ഡി. ആവശ്യപ്പെട്ടിരിക്കുന്നത്. കൂടാതെ ശമ്പളപരിഷ്കരണം നടപ്പിലാക്കുമ്പോൾ ഇടക്കാലാശ്വാസമായി നൽകിയ തുക അതിൽ തട്ടിക്കിഴിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കെൽട്രോണിന്റെ 259 -ാമത് ഡയറക്ടർ ബോർഡ് യോഗത്തിന്റെ അനുമതിയോടെയാണ് ഇടക്കാലാശ്വാസം നൽകുന്നത് സംബന്ധിച്ച ശിപാർശ സർക്കാരിൽ സമർപ്പിച്ചിട്ടുള്ളത്.

3. കെൽട്രോണിലെ ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു

" Administrative Department is informed that a decision on the proposal of giving interim relief to the employees of KELTRON may be taken with the

approval of the Finance Department. A.D. may also advise the Company to clear the backlog in statutory audit as early as possible and an action plan for the same may be submitted to the Government."

4. ഇടക്കാലാശ്വാസമായി നൽകുന്നതിനുള്ള തുക എപ്രകാരമാണ് കണ്ടെത്തുവാൻ ഉദ്ദേശിക്കുന്നതെന്നത് വ്യക്തമാക്കി ഒരു റിപ്പോർട്ടും കമ്പനിയുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തീകരിക്കുന്നതിനുള്ള ആക്ഷൻ പ്ലാനും സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം കെൽട്രോൺ സി.എം.ഡി. യ്ക്ക് നൽകിയിരുന്നു. കമ്പനിയുടെ മൊത്തത്തിലുള്ള പ്രവർത്തനമികവും വിപണനത്തിലൂടെ ലഭിയ്ക്കുന്ന വരുമാനവും കണക്കിലെടുക്കുമ്പോൾ ഇടക്കാലാശ്വാസം നൽകുവാനുള്ള തുക കമ്പനിയുടെ തനത് ഫണ്ടിൽ നിന്നും കണ്ടെത്താനാകുമെന്ന് സി.എം.ഡി. അറിയിച്ചിട്ടുണ്ട്. കൂടാതെ 2017-18, 2018-19, 2019-20 & 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തീകരിക്കുന്നതിനായുള്ള ആക്ഷൻ പ്ലാനും സി.എം.ഡി. സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

5. തുടർന്ന് ഇക്കാര്യത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം തേടിയിരുന്നു. കെൽട്രോണിന്റെ വാർഷിക കണക്കുകളുടെ പൂർത്തീകരണം, കൺകറണ്ട് ആഡിറ്റ് വിവരങ്ങൾ എന്നിവ ലഭ്യമല്ലാത്തതിനാൽ ധനകാര്യ വകുപ്പ് പ്രസ്തുത ശിപാർശ രണ്ട് തവണ നിരസിച്ചിരുന്നു.

6. തുടർന്ന് കമ്പനിയുടെ ഇതുവരെയുള്ള വാർഷിക ആഡിറ്റ് പൂർത്തിയാക്കിയതിനുശേഷം മാത്രം ഇടക്കാലാശ്വാസം അനുവദിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ സമർപ്പിക്കുവാനുള്ള നിർദ്ദേശം കെൽട്രോൺ സി.എം.ഡി. യ്ക്ക് നൽകിയിരുന്നു. കമ്പനിയുടെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളും സ്റ്റാറ്റ്യൂട്ടറി ആഡിറ്റും പൂർത്തിയായെന്ന് സി.എം.ഡി. സർക്കാരിനെ അറിയിച്ചിട്ടുണ്ട്. 14/12/2021 ൽ ചേർന്ന കമ്പനിയുടെ 261-ാമത് ഡയറക്ടർ

ബോർഡ് യോഗം പ്രസ്തുത സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ അംഗീകരിക്കുകയും ചെയ്തിരുന്നു. കൂടാതെ, കൺകറണ്ട് ആഡിറ്റ് കെൽട്രോണിന് ബാധകമല്ല എന്നും സി.എം.ഡി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് ഇക്കാര്യത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം വീണ്ടും തേടിയപ്പോൾ ആ വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായമാണ് രേഖപ്പെടുത്തിയത്.

" 'Finance' agrees to sanction Rs.3000/- as Interim Relief to the employees of Keltron on condition that the amount given as Interim Relief would be set off against the wage revision, when it is implemented in Keltron. The AD is also informed that Interim Relief will be limited only to those who were in regular service as on 31.03.2017.

This has the approval of Hon'ble Minister (Finance). "

7. 31.03.2017. തീയതിപ്രകാരം കെൽട്രോണിൽ ജോലി ചെയ്തിരുന്ന സ്ഥിരജീവനക്കാർക്ക് ശമ്പളപരിഷ്കരണം നടപ്പിലാക്കുമ്പോൾ തട്ടിക്കിഴിക്കാവുന്നതാണ് എന്ന വ്യവസ്ഥയിൽ 3000 രൂപ ഇടക്കാലാശ്വാസമായി നൽകുവാനാണ് ധനകാര്യ വകുപ്പ് അനുമതി നൽകിയിരിക്കുന്നത്. ജീവനക്കാരെ 2 വിഭാഗമായി പരിഗണിച്ചുകൊണ്ട് ഇടക്കാലാശ്വാസം നൽകുന്നത് കമ്പനിതലത്തിൽ വിവേചനം സൃഷ്ടിക്കുമെന്നതും 2017 മുതൽ കെൽട്രോൺ ലാഭകരമായാണ് പ്രവർത്തിച്ചുവരുന്നതെന്ന വസ്തുതയും കണക്കിലെടുത്ത് കെൽട്രോണിലെ എല്ലാ സ്ഥിരം ജീവനക്കാർക്കും അവർ ജോലിയിൽ പ്രവേശിച്ച തീയതി കണക്കിലെടുക്കാതെ 3000 രൂപ ഇടക്കാലാശ്വാസമായി അനുവദിക്കാവുന്നതാണോ എന്ന കാര്യത്തിൽ ഉത്തരവിനായി ഫയൽ ബഹു. വ്യവസായ വകുപ്പുമന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ഈ

വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

31/03/2017 തീയതിയിൽ കമ്പനിയിലുണ്ടായിരുന്ന സ്ഥിരം ജീവനക്കാർക്ക് മാത്രം ഇടക്കാലാശ്വാസം നൽകണമെന്ന ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്ന്, കെൽട്രോണിലെ എല്ലാ സ്ഥിരം ജീവനക്കാർക്കും, ഉത്തരവ് തീയതി പ്രാബല്യത്തിൽ, അവർ ജോലിയിൽ പ്രവേശിച്ച തീയതി കണക്കിലെടുക്കാതെ ശമ്പളപരിഷ്കരണം അനുവദിക്കുമ്പോൾ ഇടക്കാലാശ്വാസമായി അനുവദിച്ച തുക അതിൽ തട്ടിക്കിഴിക്കുമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി 3000 രൂപ ഇടക്കാലാശ്വാസം നൽകുന്നതിന് അനുമതി നൽകാമോ ?